പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 58

# 2011-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2011

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 58

# 2011-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ

1201/2011.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 58

# 2011-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ

1976-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1976-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിരണ്ടാം സംവത്സരത്തിൽ താഴെ പറയുംപ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2011-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ തന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2ബി വകുപ്പിന്റെ ഭേദഗതി.—(1) 1976-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ ആക്റ്റിലെ (1976-ലെ 46) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 2ബി വകുപ്പിന്റെ, (1)-ാം ഉപവകുപ്പിൽ "പന്ത്രണ്ടായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "ഇരുപത്തിനാലായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. പട്ടികയുടെ ഭേദഗതി.—പ്രധാന ആക്റ്റിലെ പട്ടികയ്ക്ക് പകരം താഴെപ്പറയുന്ന പട്ടിക ചേർക്കേണ്ടതാണ്, അതായത് :—

"പട്ടിക

[2 (1)-ാം വകുപ്പ് കാണുക]

പെൻഷൻ നിരക്ക്

| *കാലാവധി* | *പ്രതിമാസമുള്ള പെൻഷൻ നിരക്ക് (രൂപ)* |
|---|---|
| (1) | (2) |
| രണ്ടുവർഷത്തിൽ താഴെയുള്ള ഏത് കാലയളവിലേക്കും | 6,000 |
| മൊത്തം രണ്ടുവർഷത്തേക്ക് | 7,000 |

1201/2011.

| (1) | (2) |
|---|---|
| മൊത്തം മൂന്നുവർഷത്തേക്ക് | 8,000 |
| മൊത്തം നാലുവർഷത്തേക്ക് | 9,000 |
| മൊത്തം അഞ്ചുവർഷത്തേക്ക് | 10,000 |

എന്നാൽ ഏതെങ്കിലും ആൾ 2-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള പ്രകാരം അഞ്ചുവർഷത്തിൽ കൂടുതൽ കാലയളവിൽ ഒരംഗമായി സേവനമനുഷ്ഠിച്ചിട്ടുള്ളപക്ഷം അഞ്ചുവർഷത്തിൽ കൂടുതൽ വരുന്ന ഓരോ വർഷത്തേക്കും പ്രതിമാസം എഴുന്നൂറ്റിഅമ്പത് രൂപ അധിക പെൻഷനായി അദ്ദേഹത്തിന് നൽകേണ്ടതാണ് :

എന്നുമാത്രമല്ല പെൻഷന് അർഹമായ മൊത്തം കാലയളവ് കണക്കാക്കുമ്പോൾ അർദ്ധവർഷവും അതിന് മുകളിലുമുള്ള കാലയളവും അടുത്ത പൂർണ്ണവർഷമായി കണക്കാക്കേണ്ടതാണ്."

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

നിയമസഭയിലെ മുൻ അംഗങ്ങളുടെ പെൻഷനും മറ്റ് ബത്തകളും അവസാനമായി പരിഷ്ക്കരിച്ചത് 2008-ലെ 26-ാം ആക്റ്റ് പ്രകാരം 2008-ലാണ്. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പെട്രോൾ, ഡീസൽ, വൈദ്യുതി, ടെലഫോൺ ചാർജ്ജുകൾ മുതലായവ ഉൾപ്പെടെ എല്ലാ സാധനങ്ങളുടേയും വില പല മടങ്ങ് വർദ്ധിച്ചു. മേല്പറഞ്ഞവ പരിഗണിച്ച്, ബഹുമാനപ്പെട്ട സ്പീക്കർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി കൂടി ആലോചിച്ച്, കേരള നിയമസഭയിലെ മുൻ അംഗങ്ങൾക്ക് നൽകേണ്ട പെൻഷനും മറ്റു ബത്തകളും വർദ്ധിപ്പിക്കുന്നതിന്, പഠനം നടത്തി ശിപാർശകൾ സമർപ്പിക്കുന്നതിനും 1976-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ ആക്റ്റും അതുമായി ബന്ധപ്പെട്ട സംഗതികളും പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുന്നതിനുമായി കേരള ഹൈക്കോടതി റിട്ടയേർഡ് ജഡ്ജി ജസ്റ്റിസ് ശ്രീ. ആർ. രാജേന്ദ്രബാബുവിനെ നിയമിക്കുകയുണ്ടായി. ജസ്റ്റിസ് ആർ. രാജേന്ദ്രബാബു കമ്മീഷൻ വിവിധ ശിപാർശകളടങ്ങിയ അതിന്റെ റിപ്പോർട്ട് 2011 ഒക്ടോബർ 14-ന് സമർപ്പിച്ചു. കമ്മീഷന്റെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സർക്കാർ, കേരള നിയമസഭയിലെ മുൻ അംഗങ്ങൾക്ക് നൽകേണ്ടതായ പെൻഷനും മറ്റു ബത്തകളും വർദ്ധിപ്പിക്കുന്നതിനും 1976-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ ആക്റ്റിന് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിന്റെ 2-ാം ഖണ്ഡം, നിയമസഭയിലെ മുൻ അംഗങ്ങൾക്ക് നൽകേണ്ട ഇന്ധന ചെലവ്/റെയിൽ കൂപ്പൺ ചെലവ് പ്രതിവർഷം പന്ത്രണ്ടായിരം രൂപയിൽനിന്നും ഇരുപത്തിനാലായിരം രൂപയായി വർദ്ധിപ്പിക്കുന്നതിന് പ്രധാന ആക്റ്റിന്റെ 2ബി വകുപ്പ്, (1)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

2. ബില്ലിന്റെ 3-ാം ഖണ്ഡം, നിയമസഭയിലെ മുൻ അംഗങ്ങൾക്ക് നൽകേണ്ടതായ പെൻഷൻ നിരക്ക് വർദ്ധിപ്പിക്കുന്നതിനും പരമാവധി പെൻഷന്റെ പരിധി ഒഴിവാക്കുന്നതിനുമായി പ്രധാന ആക്റ്റിന്റെ പട്ടിക ഭേദഗതി ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

3. ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ ആവർത്തനസ്വഭാവമുള്ള ഗണ്യമായ തുക ഇതിന്റെ നടത്തിപ്പിനായി ചെലവ് പ്രതീക്ഷിക്കുന്നു. ഇതുവഴി സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ഉണ്ടായേക്കാവുന്ന ചെലവ് ഏതെങ്കിലും അളവിൽ ഇപ്പോൾ കൃത്യതയോടെ ഈ ഘട്ടത്തിൽ കണക്കാക്കുവാൻ സാധിക്കുന്നതല്ല.

ഉമ്മൻ ചാണ്ടി.

(ശരിത്തർജ്ജമ)

## 1976-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1976-ലെ 46-ാം ആക്റ്റ്)

** ** ** **

"2ബി. മുൻ നിയമസഭാംഗങ്ങൾക്കുള്ള സൗജന്യ യാത്രാകൂപ്പണുകൾ.—(1) ഇതിലേക്കായി ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്ക് വിധേയമായി 2-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ (i)-ാം ഖണ്ഡത്തിലോ (ii)-ാം ഖണ്ഡത്തിലോ (iii)-ാം ഖണ്ഡത്തിലോ പരാമർശിച്ചിട്ടുള്ള പ്രകാരം ഒരംഗമായി സേവനമനുഷ്ഠിച്ചിട്ടുള്ള ഏതൊരാൾക്കും, അങ്ങനെയുള്ള മുൻ അംഗത്തിന്റെ ഇച്ഛാനുസരണം പന്ത്രണ്ട് കലണ്ടർ മാസത്തേക്ക് ആകെ പന്ത്രണ്ടായിരം രൂപ മൂല്യമുള്ള താഴെപ്പറയുന്ന എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ സൗജന്യ യാത്രാകൂപ്പണുകൾ നൽകാവുന്നതാണ്, അതായത് :—

(i) അങ്ങനെയുള്ള മുൻ അംഗത്തിന്റെ ട്രെയിൻമാർഗ്ഗമുള്ള യാത്രയ്ക്ക് ട്രെയിൻ യാത്രാകൂപ്പണുകളും ; കൂടാതെ

(ii) അങ്ങനെയുള്ള മുൻ അംഗത്തിന്റെ സ്വകാര്യ വാഹനത്തിനുള്ള യാത്രയ്ക്ക് ഇന്ധനം വാങ്ങുന്നതിനുള്ള ഇന്ധനകൂപ്പണുകളും :

എന്നാൽ കേന്ദ്രസർക്കാർ, അതതുകാലത്ത് വരുത്തുന്ന റെയിൽവേ ചാർജ്ജിന്റെ വർദ്ധനവിന് ആനുപാതികമായി സൗജന്യ യാത്രാകൂപ്പണുകളുടെ മുകളിൽപ്പറഞ്ഞ തുക ഉത്തരവ് മുഖേന കാലാകാലങ്ങളിൽ സർക്കാർ വർദ്ധിപ്പിക്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

(2) ഇതിലേക്കായി ഉണ്ടാക്കാവുന്ന ചട്ടങ്ങൾക്കുവിധേയമായി, ഓരോ മുൻ അംഗത്തെയും, അത്തരം ട്രെയിൻ യാത്രാകൂപ്പണുകൾ അങ്ങനെയുള്ള മുൻ അംഗത്തിനും, അയാളുടെ അല്ലെങ്കിൽ അവരുടെ പങ്കാളിക്കും, ഒരു സഹചാരിക്കും ഭാരതത്തിലെ ഏതൊരു റെയിൽവേയുടെയും ഏത് ക്ലാസ്സിലും ഉപയോഗിക്കാൻ അർഹരാക്കുന്നതാണ്."

** ** ** **

### പട്ടിക

[2 (1)-ാം വകുപ്പ് കാണുക]

### പെൻഷൻ നിരക്ക്

| *കാലാവധി* | *പ്രതിമാസമുള്ള പെൻഷൻ നിരക്ക് (രൂപ)* |
|---|---|
| (1) | (2) |
| രണ്ടുവർഷത്തിൽ താഴെയുള്ള ഏത് കാലയളവിലേക്കും | 4,000 |

| (1) | (2) |
|---|---|
| മൊത്തം രണ്ടുവർഷത്തേക്ക് | 4,500 |
| മൊത്തം മൂന്നുവർഷത്തേക്ക് | 5,000 |
| മൊത്തം നാലുവർഷത്തേക്ക് | 5,500 |
| മൊത്തം അഞ്ചുവർഷത്തേക്ക് | 6,000 |

എന്നാൽ ഏതെങ്കിലും ആൾ 2-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള പ്രകാരം അഞ്ചുവർഷത്തിൽ കൂടുതൽ കാലയളവിൽ ഒരംഗമായി സേവനമനുഷ്ഠിച്ചിട്ടുള്ളപക്ഷം അഞ്ചുവർഷത്തിൽ കൂടുതൽ വരുന്ന ഓരോ വർഷത്തേക്കും പ്രതിമാസം അഞ്ഞൂറ് രൂപ അധിക പെൻഷനായി അദ്ദേഹത്തിന് നൽകേണ്ടതാണ് :

എന്നുമാത്രമല്ല പെൻഷന് അർഹമായ മൊത്തം കാലയളവ് കണക്കാക്കുമ്പോൾ അർദ്ധവർഷവും അതിന് മുകളിലുള്ള കാലയളവും അടുത്ത പൂർണ്ണവർഷമായി കണക്കാക്കേണ്ടതാണ് :

എന്നുതന്നെയുമല്ല ഈ ആക്റ്റ് പ്രകാരം ഒരു അംഗത്തിന് അർഹമായ പരാമവധി പെൻഷൻ പ്രതിമാസം മൊത്തം ഇരുപതിനായിരം രൂപയിൽ കവിയാൻ പാടുള്ളതല്ല.